ISSN 2319 - 4677 Kilippattu

Vol. XII Issue 2 ആഗസ്റ്റ് 2017 (1192 കർക്കടകം-1193 ചിങ്ങം)


# കിളിപ്പാട്ട്

മലയാളത്തിലെ സമ്പൂർണ മാസിക



## നഗ്നം

നവകൊളോണിയൽകാലത്തെ
സാമ്പത്തികമനശ്ശാസ്ത്രത്തിൽ
വൈകൃതങ്ങളൊക്കെയും
ഉദാത്തകലയായ്ത്തീരുന്നു.



ശിവദാസൻ എ കെ
9745464899



# മഞ്ഞഷാളിട്ട പെൺകുട്ടി

രാവിലെയാണ് കവലയിലേക്ക് വാർത്ത വന്നത് ബൈക്കിൽ വന്ന രണ്ട് ചെറുപ്പക്കാർ വിളിച്ചു പറയുകയായിരുന്നു. "അറിഞ്ഞോ, റെയിൽവേ സ്റ്റേഷനടുത്ത് ആരോ വണ്ടിക്ക് തല വെച്ചിട്ടുണ്ട്. പെണ്ണാ. ഒരു മഞ്ഞഷാൾ ദൂരെ കിടക്കണത് കണ്ടോരുണ്ട്."

ഉണക്കമീൻ വിൽക്കുന്ന ശാന്തേടത്തി 'കഷ്ടായി' എന്നു പറഞ്ഞതു മാത്രമായിരുന്നു ആകെയുള്ള അനുശോചനം.

റെയിൽപാത കടന്നു പോകുന്നൊരു നാട്ടിൽ ഇതൊന്നും അത്ര അസാധാരണമല്ലല്ലോ. മധുരം ചേർക്കാത്ത ചായ നാവിനോട് പിണങ്ങി തീർന്നുപോകെ ഇനിയും വായിക്കേണ്ട വർത്തമാനപത്രങ്ങൾക്കിടയിലായിരുന്നു അയാൾ. ഒരു പെൻഷൻ കാലത്തിന്റെ ശൂന്യത അയാളുടെ മുഖത്ത് വട്ടമിട്ടു നിന്നു. പത്രത്താളിനുള്ളിലേക്ക് അയാൾ വീണ്ടും കണ്ണു കൂർപിച്ചു. അപ്പോൾ ഒരു പെൺകുട്ടിയുടെ ഫോട്ടോ അസാധാരണമെന്നോണം അയാളെ നോക്കി. അതിനു താഴെ ഒരു ചെറുകുറിപ്പുമുണ്ടായിരുന്നു.

മാതാപിതാക്കൾ ശാസിച്ചതിന് പെൺകുട്ടി ജീവനൊടുക്കി.

തെക്കാണ്. വാർത്തയിലേക്ക് നോക്കിയിരിക്കെ ഒരു ഓർമ ഇടിത്തീ പോലെ വന്നു വീണു. മകൾ അന്ന് രാവിലെ കോളെജിലേക്ക് ഇറങ്ങിയത് അയാൾ കണ്ടുകൊണ്ട് നിൽക്കുകയായിരുന്നു. അവൾ ഒരു മഞ്ഞ ചുരിദാറായിരുന്നു ധരിച്ചിരുന്നത്. മഞ്ഞ ഷാളും. എന്നത്തേയും പോലെ അവൾ യാത്ര പറഞ്ഞിട്ടല്ല ഇറങ്ങിയത്. രണ്ട് ദിവസമായി അങ്ങിനെയാണ്. അതിന് കാരണമുണ്ട്. രണ്ട് ദിവസം മുമ്പാണ് അവളുടെ പ്രിൻസിപ്പാൾ തന്നെ വിളിപ്പിച്ചത്.

"കുട്ടി പഠിപ്പിൽ പിന്നോക്കം പോകുന്നു. എല്ലാ ക്ലാസ്സിലും കയറുന്നുണ്ടോ എന്ന് സംശയം. ഏതെങ്കിലും ലവ് അഫയറുണ്ടോ എന്നാ സംശയം. ഇത് കോളെജാണ്. ഇളക്കുട്ട്യോന്നുമല്ല. പാരൻസ് ശ്രദ്ധിക്കണം."

പത്രവാർത്തയിലേക്ക് അറിയാതെ കണ്ണു പാറുന്നു. വേഗത്തിലൊരു വായന. സഹപാഠിയോട് അടുപ്പം പുലർത്തിയതിന് അച്ഛനുമമ്മയും വഴക്കുപറഞ്ഞ പെൺകുട്ടി ജീവനൊടുക്കി.

അടി മുതൽ മുടി വരെ ഒരു തരിപ്പ് കയറി. ഓട്ട കണ്ണിട്ട് നോക്കി. മുമ്പേ കേട്ട വാർത്തയ്ക്ക് എന്തെങ്കിലും പുതിയ വിശദീകരണങ്ങൾ. ആരെങ്കിലും തന്നെ നോക്കുന്നുണ്ടോ. സഹതാപത്തോടെ തന്നിൽനിന്ന് എന്തെങ്കിലുമൊക്കെ മറയ്ക്കുന്നുണ്ടോ.

"ഒരു ചായ കൂടെ എടുത്തോ."

ചായക്കടക്കാരൻ മണികണ്ഠൻ അൽഭുതത്തോടെ നോക്കി.

"എന്തേ ദിവാകരേട്ടാ ഇപ്പത്തന്നെ ഒരു ചായ കുടിച്ചതല്ലേ ഉള്ളൂ."

എന്തോ വല്ലാത്ത ദാഹം.

വെയിൽ വകഞ്ഞു മാറ്റി പത്തേമുക്കാലിന്റെ ബസ്സ് വന്നു നിന്നു.

അവരോടൊന്ന് ചോദിച്ചാലോ. റെയിൽവേ സ്റ്റേഷന്റെ അടുത്തുകൂടി വരുന്ന വണ്ടിയാണ്.

ക്ലീനർ കണ്ടക്ടറോട് വിളിച്ചു ചോദിച്ചു. "എന്തെങ്കിലും അറിഞ്ഞോ?"

കണ്ടക്ടർ കൈ മലർത്തി. അങ്ങനെയൊന്നും കേട്ടില്ല. പിന്നെ ഇതൊക്കെ പതിവല്ലേ.

അപ്പോൾ പത്തേമുക്കാലിന്റെ വണ്ടിക്കാര് അറിഞ്ഞിട്ടില്ല. റെയിൽവേ സ്റ്റേഷന്റെ തൊട്ടടുത്തുകൂടി വരുന്ന വണ്ടിയാണ്. സ്റ്റേഷനടുത്ത് ഒരു മരണമുണ്ടായാൽ അവർ അറിയേണ്ടതല്ലേ.

പക്ഷേ മരണമുണ്ടാകുന്നത് ആദ്യമൊന്നുമല്ലല്ലോ. എത്രയോ മരണത്തെയാണ് താനും നിസ്സംഗതയോടെ അഭിമുഖീകരിച്ചിട്ടുള്ളത്. പരിചയമില്ലാത്ത എത്രയോപേർ എങ്ങനെയൊക്കെയോ മരിക്കുന്നു.

വീണ്ടും ഓർമകളാണ്. അവൾ പറയുന്നു. സിസ്റ്റർമാർക്ക് അസൂയയാണ്. അല്ലാണ്ടെന്താ.

ഉദാസീനമായ മറുപടി.

അവളങ്ങനെയൊന്നുമായിരുന്നില്ല. ഓർമകളിൽ കൊരുത്ത് ഒരു കൊച്ചു പെൺകുട്ടിയുടെ മുഖം. തന്റെ വിരലുകളിൽ തൂങ്ങി, കാണുന്ന കാഴ്ചയിലെല്ലാം കൗതുകം പൂണ്ട്. എവിടെവച്ചാണ് അവൾ വളർന്നു പോയത്. പക്ഷേ അത് സ്വാഭാവികമാണ്. കുട്ടികളെന്നും അങ്ങനെതന്നെയിരിക്കില്ലല്ലോ. അവർ വളരും. ലോകത്തൊരു അച്ഛനുമമ്മക്കും കുട്ടികളോടൊപ്പം വളരാ

നായിട്ടില്ല. അവളെ വഴക്കു പറഞ്ഞത് ശരിയായോ. അവളുടെ ഭാഗത്തും കാണില്ലേ ന്യായങ്ങൾ. പക്ഷേ അവൾക്ക് ഇളയത് രണ്ട് പെൺകുട്ടികളാണ്. പെൻഷൻ പോറ്റുന്ന കുടുംബമാണ്. അത്രക്ക് ആരോഗ്യമേ അതിനുള്ളൂ.

അതിനുശേഷം അവൾ വല്ലാത്ത കെറിവിലാണ്. അമ്മയോടുപോലും മിണ്ടുന്നില്ല. പക്ഷേ, ഇപ്പോൾ. പതുക്കെ പുറത്തേക്കിറങ്ങി. തിരക്കൊഴിഞ്ഞ കവല. ഭാഗ്യം, ആരുംതന്നെ നോക്കുന്നില്ല. ആരാണത് എന്നൊന്നറിഞ്ഞാൽ.

ഇത്രയുമായിട്ടും എന്തേ ആരും ഒന്നും പറയാത്തത്. മനപ്പൂർവമാണോ. അതായിരിക്കില്ല. അത് ഏതോ ഒരു പെണ്ണ്. തന്റെ മകൾക്ക് മാത്രമല്ലല്ലോ മഞ്ഞഷാൾ.

തയ്യൽകാരൻ സുകുവിന്റെ അടുത്തു ചെന്നു. അവനെന്തെങ്കിലും അറിയാമാവോ. റെയിൽവേസ്റ്റേഷനടുത്ത്. പറഞ്ഞു നിർത്തിയതേയുള്ളൂ.

"ആരോ വണ്ടിക്ക് തല വെച്ചന്നല്ലേ. കുറേ മുമ്പ് ബൈക്കില് വന്ന പിള്ളേര് പറയണ കേട്ടു."

സുകു വെള്ളത്തുണിയിലേക്ക് ഒരു നൂൽ ഓടിച്ചു കയറ്റി. നൂലിനൊരറ്റം കടിച്ച് വെളിയിലേക്ക് തുപ്പി. എന്നിട്ട് മെല്ലെ പറഞ്ഞു. "നമ്മുടെ നാട്ടു കാര് വല്ലതുമാണാവ്വോ?"

"പിന്നെ വല്ലതും കേട്ടോ." അയാൾ തുണികൾക്കിടയിൽ ചടഞ്ഞു കൂടിയിരിക്കുന്ന തയ്യൽകാരി പെൺകുട്ടിയോട് ചോദിച്ചു.

അവളുടെ മൗനം ഒന്നുമറിയില്ലെന്ന് അയാളോട് പറഞ്ഞു.

"ഇന്നത്തെക്കാലത്ത് ആൾക്കാർക്ക് ചാവാൻ അത്ര വല്യകാരണോന്നും വേണ്ടന്നേ." തിരിച്ചിറങ്ങവേ സുകു കൂട്ടിച്ചേർത്തു.

അതെ കാരണമൊന്നും വേണ്ട. തെക്ക് മരിച്ച പെൺകുട്ടിയുടെ മുഖം ഒരു നിലവിളിയായി മനസ്സിൽ.

അവളെ ഒന്ന് വിളിച്ചാലോ. ഇതെന്തേ മുമ്പേ തോന്നിയില്ല. ഉള്ളംകൈ വിയർത്തിരിക്കുന്നു. ഫോൺ വഴുതുന്നു. അപ്പുറത്ത് ബെല്ലടിക്കുന്നു. മറുപടിയില്ലെന്ന പതിവുപല്ലവിയിൽ അത് അവസാനിക്കുന്നു. ക്ലാസ്സിലായിരിക്കുമോ. അതേ ക്ലാസ്സിലാണെങ്കിൽ എടുക്കാൻ പറ്റില്ലല്ലോ. എങ്കിൽ തിരിച്ചു വിളിക്കും. കുറച്ചു കഴിയട്ടെ.

പതിനൊന്നരയുടെ ബസ്സ് വരുന്നു. അതേ വഴിയിലൂടെ. വെറുതേ ചുറ്റിപ്പറ്റി നിന്നു. ആരും ഒന്നും പറയുന്നില്ല. എന്തേ ആരും മിണ്ടാത്തത്. ആരുടേതായാലും ഒരു മരണം ഇത്ര അവഗണിക്കപ്പെടേണ്ടതാണോ.

വീട്ടിലേക്കൊന്ന് പോയാലോ. എന്തിന്, രമണിയോടെന്ത് പറയും. അവിടെ ആരെങ്കിലും ചെന്നിട്ടുണ്ടാകുമോ കീശയിൽ ഇരുന്ന് കാലബോധമില്ലാതെ ഫോൺ താളം പിടിക്കുന്നു.

മോളാകും. അല്ലേ

അറിയാത്തൊരു നമ്പർ ഒരു നടുക്കമായി.

ആരാകും. റോങ് നമ്പറാണ്.

തെറ്റിവിളിക്കാൻ പറ്റിയസമയം. അതോ ആരെങ്കിലും എന്തെങ്കിലും പറയാനാഞ്ഞത് വേണ്ടെന്ന് വച്ചതോ.

തലയ്ക്കുമീതെ ഉച്ചവെയിൽ പൊള്ളിച്ചൊരു കാറ്റ് കടന്നുപോകുന്നു. തൊണ്ട വരണ്ടു പൊട്ടുന്നു. വീണ്ടുമയാൾ ചായക്കടക്കാരനെനോക്കി. ഒരു ചായ കൂടി കുടിച്ചാലോ വേണ്ട, അതൊരു വർത്തമാനത്തിനിടയാക്കും.

"ഒരു സർബത്ത് തണുത്തത്"കടക്കാരൻ പൊന്നു മിഴിച്ചു നോക്കി.

"ദെന്തേ, ദിവാകരേട്ടാ. ഷുഗറ് കാരണം മധുരം മുഴ്വോനായിട്ട് നിർത്തീന്ന് പറഞ്ഞിട്ട്."

മറുപടിയായ ചിരി വിളറിപ്പോയത് അവന് പിടികിട്ടിയോ എന്തോ•പൊന്നു വിസ്മയപ്പെട്ടിരിക്കണം. ചറപറ ലോകകാര്യം പറയുന്നയാൾ ഇന്നെന്തേ ഇങ്ങനെ. ഉള്ളു തണുപ്പിച്ച് ഇറങ്ങിപ്പോകുന്ന മധുരജലം ഒരു വ്യത്യാസവുമുണ്ടാക്കുന്നില്ല. ആരോ മനസ്സിലിരുന്ന് വ്യഥാ പിറുപിറുക്കുന്നു. ഒന്നുമില്ല. എല്ലാം മനോവിഭ്രാന്തിയാണ്. പ്രായമാകുമ്പോൾ അത് കൂടും എന്ന്പറയുന്നത് എത്രശരിയാണ്. കുട്ടികൾക്ക് ധൈര്യം കൂടി വരും. പ്രായമായവർക്ക് കുറഞ്ഞും. എല്ലാ വീപരീത ദിശകളിലാണ്. എന്നിട്ടെന്തേ ആ പെൺകുട്ടി. പത്രത്താളിലെ പെൺകുട്ടിയുടെ മുഖം മനസ്സിൽ. അതുപോലെ എത്രയോ കുട്ടികൾ.

ആരും ഒന്നും പറയാത്ത സ്ഥിതിക്ക് റെയിൽവേസ്റ്റേഷൻവരെ ഒന്ന് പോയാലോ. വേണോ. അവിടെ എന്തെങ്കിലും അശുഭവാർത്ത. ദൈവമേ, അതു കേൾക്കാൻ താൻതന്നെ നേരിട്ട്. വീട്ടിലേക്ക്പോകാം. നടന്നിട്ടും തീരാതെ വഴിനീളുന്നു. ഇരുപുറത്തുമായി പതിനാലു കടകൾ. അതിൽ നിന്നൊരു സഹതാപനോട്ടവും തനിക്ക് നേരേ നീളുന്നില്ല എന്നുറപ്പിക്കാൻ പാതിവഴി പിന്നിട്ട് തല പിന്നിലേക്ക് ചെരിച്ചു. കാഴ്ചക്കു പിന്നിൽ എണ്ണം കുറഞ്ഞ ആളനക്കത്തോടെ പഴയ കവല നിറം മങ്ങിക്കിടന്നു. വീടിനരികിൽ ആരെങ്കിലുമുണ്ടോ, രമണിയുടെ മുഖത്ത് എന്തെങ്കിലും പരിഭ്രമം. ഇല്ല. ആ മുഖത്തേക്ക് നോക്കാൻ ത്രാണിയില്ലാത്തവനേപ്പോലെ അയാൾ മുഖം കുനിച്ചു.

സ്കൂട്ടർ തള്ളിക്കയറ്റവേ അവൾ ചോദിച്ചു.

"എങ്ങോട്ടാ ഉച്ചക്ക്?"

"ഒരാളെ കാണാനുണ്ട്. ഇപ്പൊ വരാം."

അവൾ വീണ്ടും പറയുന്നു. "അതേ മോളിന്നു മൊബൈല് കൊണ്ടോയില്ല. ആരൊക്കെയോ വിളിച്ചേക്കണു."

അപ്പോൾ ആ പ്രതീക്ഷയും വേണ്ട. തിരിച്ചു വിളിക്ക് ഒരു സാധ്യതയും ഇല്ല. അജ്ഞാതമായ അക്കങ്ങളെ പ്രദർശിപ്പിച്ച് മനസ്സിനെകൂടുതൽ കുരുക്കിലാക്കുകയാണ് മൊബൈൽസ്ക്രീൻ. എന്തേ മൊബൈൽ എടുത്തില്ല. സംശയങ്ങൾ ഉഗ്രശക്തിയോടെ തല പൊക്കുന്നു. അയാൾ സ്കൂട്ടറിൽ കയറിയിരുന്നു. അപരിചിതമായ ചലനങ്ങൾ കൊണ്ട് സ്കൂട്ടറിനെ അമ്പരിപ്പിച്ചു. ഒന്നുരണ്ടു തവണ ദേഷ്യപ്പെട്ട് കുരച്ച് ചാടി അത് മുന്നോട്ടു പോകാൻ തുടങ്ങി. റെയിൽവേസ്റ്റേഷനടുക്കുന്തോറും നെഞ്ച് പെരുമ്പറകൊട്ടുന്നു. കണ്ണ് മങ്ങുന്നപോലെ.

ആരെങ്കിലും പരിചയക്കാർ, എവിടെയെങ്കിലും ആൾക്കൂട്ടം. ഇല്ല ആരുമില്ല. അപ്പോൾ അങ്ങനെയൊന്നില്ലേ. ആശ്വസിക്കാറായിട്ടില്ല. ഗേറ്റ് കീപ്പറെ കണ്ടു. അയാളോട് ചോദിക്കാം. ഗേറ്റ്കീപ്പർ തുറന്നിട്ട കവാടത്തിലൂടെ വാഹനങ്ങൾ തുള്ളിയോടാൻ തുടങ്ങി. ഒരു പെൺകുട്ടി ട്രെയിനിന് തലവെച്ചൂന്ന്. വാചകം ഇടയിലെവിടേയോ നഷ്ടപ്പെടുന്നു. അയാൾ അമ്പരന്ന് നോക്കി.

"ഇല്ല. ഇതുവരെ അങ്ങിനെകേട്ടില്ല."

എന്തൊരാശ്വാസമാണ്. അപ്പോൾ അതാരോ വെറുതേ പറഞ്ഞതാണ്. "ഒരു മഞ്ഞഷാളിട്ട പെൺകുട്ടിയാണെന്നാ വാർത്ത കേട്ടത്. അതോണ്ട് ചോദിച്ചതാ." മഞ്ഞഷാൾ ഇപ്പോൾ അത്രകണ്ട് പേടിപ്പിക്കുന്നില്ല. നഷ്ടപ്പെട്ടുപോയ ധൈര്യം കൈവരുന്നു.

"മഞ്ഞഷാളോ, അത് വല്ല കാറ്റിലും വന്ന് വീണതാകും. ആളുകൾക്ക് എന്തെങ്കിലും കണ്ടാൽ മതിയല്ലോ." "പിന്നെ മരിക്കാനൊത്തിരി ആളുകളും തല വെയ്ക്കാൻ ഒരു പാളവും മാത്രമാകുമ്പോ ആളുകൾക്കങ്ങനെതോന്നിയില്ലെങ്കിലേ അൽഭുതമുള്ളൂ." ഗേറ്റ്കീപ്പർ പുഞ്ചിരിക്കുന്നു.

അയാൾ ആശ്വാസത്തോടെ നിശ്വസിച്ചു. ഇനി സമാധാനത്തോടെ പോകാം. ഉച്ചവെയിലിലേക്ക് നെടുകേ മലർന്നുവീണ പാളത്തിലേക്ക് കയറുമ്പോൾ വിയർപ്പിനെതൊട്ടുമുത്തിയൊരു കാറ്റ് വന്ന് കുളിർപ്പിക്കുന്നു. അയാൾക്ക് ചിരി വന്നു. എന്തൊക്കെ മണ്ടത്തരങ്ങളാണ് ചിന്തിച്ചു കൂട്ടിയത്. വേഗം മുന്നോട്ട് നടന്നു. അപ്പോൾ വടക്കോട്ട് പാഞ്ഞുപോയ തീവണ്ടിയിലെ ജാലകത്തിലൂടെ ഒരു മഞ്ഞഷാൾ പുറത്തേക്ക് പാറുന്നത് അയാൾ അമ്പരപ്പോടെ കണ്ടു. ■